**പതിനാറാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2026 ജൂൺ 23, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

5(*31) വൈദ്യുതിയുടെ ആഭ്യന്തര ഉൽപാദനം

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ വൈദ്യുതിയുടെ ആഭ്യന്തര ഉൽപാദനം വർധിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പുനരുപയോഗ ഊർജ ഉൽപാദന രംഗത്ത് ജലവൈദ്യുത പദ്ധതികൾവഴി 150.636 മെഗാവാട്ടിന്റെ വർധനവുണ്ടായിട്ടുണ്ട്. സൗരോർജ മേഖലയിൽ 2492.459 മെഗാവാട്ട് സോളാർ വൈദ്യുതി ഗ്രിഡിലേക്ക് കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും സ്വകാര്യ കാറ്റാടി നിലയങ്ങൾവഴി 36.65 മെഗാവാട്ടിന്റെ അധിക വൈദ്യുതി ഉൽപാദനമുണ്ടായിട്ടുണ്ടെന്നും സ്വകാര്യ സംരംഭകർവഴി ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ 29 മെഗാവാട്ട് സ്ഥാപിതശേഷി വർധനവുണ്ടായിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. മഴയുടെ ലഭ്യതക്കുറവ്, ഉയർന്ന താപനില എന്നിവമൂലം പ്രതിദിന ഉപഭോഗത്തിലുണ്ടായ വർധന കണക്കിലെടുത്ത് ആഭ്യന്തര വൈദ്യുതി ഉൽപാദനം വർധിപ്പിക്കുന്നതിനായി 127.50 മെഗാവാട്ട് ശേഷിയുള്ള 8 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണവും 88 മെഗാവാട്ട് ശേഷിയുള്ള ചെറുകിട പദ്ധതികളുടെ മുന്നൊരുക്കങ്ങളും നടക്കുന്നതിനുപുറമെ നിലവിലെ ജലവൈദ്യുത പദ്ധതികളുടെ കപ്പാസിറ്റി അഡിഷൻ/എക്സ്റ്റൻഷൻ സംബന്ധിച്ച PFR/DPR ജോലികളും സാധ്യതാപഠനങ്ങളും നടന്നുവരികയാണെന്നും ചെറുകിട ജല വൈദ്യുത പദ്ധതി നയം പുതുക്കുന്നതിനും കേരള പമ്പ്ഡ് സ്റ്റോറേജ് പദ്ധതി നയം രൂപീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും മന്ത്രി വ്യക്തമാക്കി. വീടുകളിൽ സോളാർ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനും

നിയോജകമണ്ഡലാടിസ്ഥാനത്തിൽ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് രൂപീകരിച്ചിരുന്ന കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ 33 കെ.വി., 110 കെ.വി. സബ് സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം പ്രത്യേകമായി പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

6(*32) <u>എം.എസ്.എം.ഇ.-കൾക്ക് പ്രോത്സാഹനം</u>

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി എം.എസ്.എം.ഇ. ഇൻഷ്വറൻസ് പദ്ധതി, എം.എസ്.എം.ഇ. ക്ലിനിക്കുകൾ, സ്കെയിൽ അപ്പ് മിഷൻ തുടങ്ങിയവ നടപ്പാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതും മുൻകൂട്ടി കാണാൻ കഴിയാത്തതുമായ അപകടങ്ങൾക്ക് പ്രീമിയം തുകയുടെ 50 ശതമാനം (പരമാവധി 5000 രൂപവരെ) റീഇംബേഴ്സ്മെന്റ് നൽകുന്നതാണെന്നും നിയമം, മാർക്കറ്റിങ്, ഡി.പി.ആർ. തയ്യാറാക്കൽ, കയറ്റുമതി, ജി.എസ്.ടി., സാങ്കേതികവിദ്യ, ലൈസൻസുകൾ, ബാങ്കിങ് തുടങ്ങിയ മേഖലകളിലെ വിദഗ്ധരുമായി ആശയവിനിമയം നടത്താനും സംരംഭകത്വവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ എം.എസ്.എം.ഇ. ക്ലിനിക്കുകളുടെ സേവനം ലഭ്യമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. തിരഞ്ഞെടുത്ത 1000 സംരംഭങ്ങളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി രൂപ വിറ്റുവരവുള്ള ബിസിനസ്സുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിവരുന്ന സ്കെയിൽ അപ്പ് മിഷനിലേയ്ക്ക് 534 സംരംഭങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ടെന്നും ആനുകൂല്യത്തിനുള്ള അപേക്ഷകൾ സ്വീകരിച്ചുവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്ത് നിലവിലുള്ള കോമൺ ഫെസിലിറ്റി സെന്ററുകൾ ശക്തിപ്പെടുത്തുമെന്നും കൊട്ടുവള്ളിയിലെ വ്യവസായ പാർക്ക് പുനരുജ്ജീവിപ്പിക്കുമെന്നും വിദ്യാർത്ഥികളുടെ മൈഗ്രേഷൻ കുറയ്ക്കുന്നതിനും സംസ്ഥാനത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി കോളേജ്-ഇൻഡസ്ട്രി ലിങ്കേജുണ്ടാക്കുന്നതിനും കപ്പാസിറ്റി ബിൽഡിങ് നടത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

7(*33) <u>ഓപ്പറേഷൻ ഡി ഹണ്ട്</u>

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ലഹരിയുടെ ഉറവിടം കണ്ടെത്തുന്നതിനും ഉപയോഗം, വിതരണം, വിപണനം എന്നിവ ഫലപ്രദമായി തടയുന്നതിനുമായി "ഓപ്പറേഷൻ ഡി ഹണ്ട്-നാർക്കോ ഹണ്ട്" പദ്ധതി നടപ്പാക്കിവരുന്നുണ്ടെന്നും 02-06-2026 മുതൽ 17-06-2026 വരെ വിവിധ തരത്തിലുള്ള നിരോധിത മയക്കുമരുന്നുകൾ കൈവശം വച്ചതുമായി ബന്ധപ്പെട്ട് 2954 കേസുകൾ രജിസ്റ്റർ ചെയ്ത് 3176 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 84 പോലീസ് സബ് ഡിവിഷനുകളിൽ പ്രത്യേക ടീമുകൾ രൂപീകരിച്ച് നിരോധിത മയക്കുമരുന്ന് ഉൽപന്നങ്ങളുടെ ഉറവിടം കണ്ടെത്തുന്നതിനും വിതരണ ശൃംഖല തകർക്കുന്നതിനുമായി സമഗ്രമായ അന്വേഷണങ്ങളും രഹസ്യ നിരീക്ഷണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. ജില്ലകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകളും കൗൺസിലിങ് സെഷനുകളും സംഘടിപ്പിച്ചുവരുന്നുണ്ടെന്നും ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സയും പുനരധിവാസ സേവനങ്ങളും ലഭ്യമാക്കിയിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. പൊതുജന പങ്കാളിത്തം ഉറപ്പാക്കി ലഹരിവസ്തുക്കളുടെ വില്പന, വിതരണം, ഉപയോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ രഹസ്യമായും വേഗത്തിലും കൈമാറുന്നതിനായി ഹെൽപ്‌ലൈൻ നമ്പറുകളും വാട്സ്ആപ്പ് നമ്പറും പ്രവർത്തനസജ്ജമാക്കിയിട്ടുണ്ടെന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സ്കൂളുകൾ, കോളേജുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് നടക്കുന്ന ലഹരി ഉപയോഗവും വിതരണവും ഫലപ്രദമായി പ്രതിരോധിക്കുന്നതിനായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC), സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ (SPG), കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ (CPG) എന്നിവയുടെ നേതൃത്വത്തിൽ വിവിധ അവബോധ പരിപാടികൾ, സെമിനാറുകൾ, സംവാദങ്ങൾ, ബോധവൽക്കരണ ക്യാമ്പയിനുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നുണ്ട്. വിദ്യാർഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവരെ ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാക്കി ലഹരിമുക്ത സമൂഹം സൃഷ്ടിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. ലഹരി വ്യാപനം തടയുന്നതിനായി കേന്ദ്ര ഗവൺമെന്റ് ഏജൻസികളുടെ സഹായത്തോടെ സംയുക്ത പരിശോധന നടത്തുന്നതാണെന്നും കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണെന്നും മയക്കുമരുന്നുമായി ബന്ധപ്പെട്ട കേസുകളിൽ കടുത്ത ശിക്ഷ

ഉറപ്പുവരുത്താൻ എൻ.ഡി.പി.എസ്. ആക്റ്റിൽ ഭേദഗതി വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

8 (*34) പ്രോജക്ട് സീറോ പദ്ധതി

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, അഴിമതി വിമുക്ത കേരളം യാഥാർഥ്യമാക്കുന്നതിനായി "പ്രോജക്ട് സീറോ" പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ടെന്നും പ്രോ-ആക്റ്റീവ് വിജിലൻസ്, പ്രിവന്റീവ് വിജിലൻസ്, ഡിജിറ്റൽ വിജിലൻസ്, പാർട്ടിസിപ്പേറ്റീവ് വിജിലൻസ് എന്നീ മേഖലകൾ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന ടി പദ്ധതിയിലൂടെ സംസ്ഥാനത്തൊട്ടാകെ മിന്നൽ പരിശോധനകൾ നടത്തി അഴിമതി കണ്ടെത്തുന്നതിനും തടയുന്നതിനും കൈക്കൂലി വാങ്ങുന്നത് സാമൂഹിക അപമാനമാണെന്ന മൂല്യബോധം സർക്കാർ ഉദ്യോഗസ്ഥരിൽ വളർത്തിയെടുക്കുന്നതിനും ലക്ഷ്യമിടുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പൊതുജനങ്ങളുടെ വിശ്വാസവും സുതാര്യതയും വർധിപ്പിക്കുന്നതിനായി പരാതി-ട്രാക്കിങ്, ഫീഡ്ബാക്ക് സംവിധാനങ്ങൾ ഉൾപ്പെടുത്തുന്നതാണെന്നും പരാതികളുടെ ആഴത്തിലുള്ള വിശകലനത്തിനായി നിർമ്മിത ബുദ്ധി (AI) സാങ്കേതികവിദ്യ സംയോജിപ്പിക്കുന്നതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണ നടപടിക്രമങ്ങൾ ആധുനികവൽക്കരിക്കുന്നതിനും ഡിജിറ്റലൈസ് ചെയ്യുന്നതിനുമായി "വിജിലൻസ് കേസ് ആൻഡ് എൻക്വയറി മാനേജ്മെന്റ് സിസ്റ്റം (VCEMS)" നടപ്പാക്കിവരുന്നുണ്ട്. ട്രാപ്പ് കേസുകൾ കൂടുതലായി രജിസ്റ്റർ ചെയ്തും സർക്കാർ ഓഫീസുകൾ കേന്ദ്രീകരിച്ച് വിവരദാതാക്കളുടെ ശൃംഖല ഒരുക്കിയും കൈക്കൂലി ആവശ്യപ്പെടുകയോ സ്വീകരിക്കുകയോ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നതിനുംപുറമെ കൈക്കൂലി ആവശ്യപ്പെടുന്നവർക്കെതിരെ പരാതി നൽകാൻ പൊതുജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്. ഔദ്യോഗിക കൃത്യവിലോപത്തെക്കുറിച്ച് പരാതികളോ സംശയങ്ങളോ നിലനിൽക്കുന്ന ഗസറ്റഡ് ഉദ്യോഗസ്ഥരുടെ പട്ടിക തയ്യാറാക്കുന്നതാണെന്നും അഴിമതി നടത്തുന്ന ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. പരാതിക്കാരുടെ വ്യക്തിവിവരങ്ങൾ വെളിപ്പെടുത്താതെ തന്നെ പരാതി നൽകാനുള്ള

സംവിധാനവും വിസിൽ ബ്ലോവർ സംരക്ഷണവും ഉറപ്പുവരുത്തുമെന്നും സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി കമ്മ്യൂണിറ്റി വിജിലൻസ് ശൃംഖലയും സോഷ്യൽ മീഡിയ ബോധവൽകരണ കാമ്പയിനുകളും കാമ്പസുകളിൽ ആന്റി-കറപ്ഷൻ ക്ലബ്ബുകളും യുവജന പങ്കാളിത്ത പദ്ധതികളും നടപ്പാക്കുമെന്നും അഴിമതി സംബന്ധമായ വിവരങ്ങൾ പങ്കുവയ്ക്കുന്നവർക്ക് പാരിതോഷികങ്ങളും സത്യസന്ധത പ്രോത്സാഹിപ്പിക്കുന്നതിനായി "വിജിലൻസ് അവാർഡ്" നൽകുന്നതും പരിശോധിക്കുന്നുണ്ടെന്ന് മന്ത്രി അറിയിച്ചു. വിജിലൻസ് മാന്വൽ പരിഷ്കരിക്കുന്നതാണെന്നും അകാരണമായി ഫയലുകൾ വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥരെ പ്രോജക്ട് സീറോയിലുൾപ്പെടുത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

****